"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ5-34221/17

വനിതാശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 4.12.2017

# സർക്കുലർ

വിഷയം : വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി-അങ്കണവാടി Geotaging അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിലെ 2-11-17-ലെ ഇതേ നമ്പർ കത്ത്.

സൂചന സർക്കുലർ പ്രകാരം സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളും Geotag ചെയ്യുവാൻ നിർദ്ദേശം നൽകിയിരുന്നു. കണ്ണൂർ,എറണാകുളം, തൃശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകൾ ഒഴികെ മറ്റു ജില്ലകൾ ഈ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മാത്രമല്ല സർക്കാർ നിർദ്ദേശം പാലിക്കാതിരിക്കുകയും മറ്റുള്ളവരെ ഇതിൽ നിന്നും വിട്ടു നിൽക്കുവാൻ നിർബന്ധിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രവണതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Geotaging app സുരക്ഷിതമല്ലെന്നും ഇതു വഴി സ്വകാര്യ വിവരങ്ങൾ നഷ്ടപ്പെടുമെന്നും മറ്റുമുള്ള തെറ്റായ പ്രചാരണങ്ങൾ അവഗണ ിക്കേണ്ടതാണ്. ഈ app-ന് സമാനമായ ആപ്ലിക്കേഷനുകൾ ജാതക് ജനനി പദ്ധതിയുടെ ഭാഗമായി വകുപ്പ് ഉപയോഗിച്ചു വരുന്നതും ആയതിന്റെ സുരക്ഷയെ സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും നിലവിലില്ലാത്തതുമാണ്. അങ്കണവാടികളുടെ കൃത്യമായ Location map ചെയ്യുവാൻ മാത്രമാണ് Geotagging app കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് ഒറ്റ തവണ മാത്രം ചെയ്യേണ്ട പ്രക്രിയയാണ്

ശിശു വികസന പദ്ധതി ഓഫീസർമാർ awckl.indiagis.org എന്ന വെബ്സൈറ്റിൽ അവരവരുടെ പ്രോജക്ടിന്റെ പുരോഗതി അവലോകനം ചെയ്യേണ്ടതും Geotagging 100% പൂർത്തിയാക്കേണ്ടതുമാണ്. Geotagging

ചെയ്യുവാൻ വിസമ്മതിക്കുന്ന സൂപ്പർവൈസർമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെടേണ്ടതും ആയത് ജില്ലാ പ്രോഗ്രാം ഓഫീസർ മുഖേന ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.

ജില്ലാ പ്രോഗ്രാം ഓഫീസർമാർ Geotagging ഡിസംബർ മാസത്തെ റിവ്യൂ മീറ്റിംഗിൽ റിവ്യൂ ചെയ്യേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയ ത്തിൽ നൽകേണ്ടതുമാണ്.

വനിതാശിശുവികസന ഡയറക്ടർക്ക് വേണ്ടി

ജികെ/ 1-12-17